# THE VOICE

OCTOBER 2015

OF C.S.I. CHRIST CHURCH

**KODUKULANJI**




**2015-ലെ കുറിവാക്യം**

നിന്റെ സന്തതിമേൽ എന്റെ ആത്മാവിനെയും നിന്റെ
സന്താനത്തിന്മേൽ എന്റെ അനുഗ്രഹത്തെയും പകരും

യെശയ്യാവ് 44:3

## Vicar



Rev. Dr. Sam T. Mathew
Christ Church Parsonage
Kodukulanji P.O.
Chengannur- 689 508
Phone: 0479 2369223
(M): 9947310765
email:revdrsammathew@yahoo.com

## Associate Vicar



Rev. Johnson John
Ph. 9400987292
email:
rev.johnson77@gmail.com

## Senior Presbyters

| | |
|---|---|
| Rev. Chandy Jose | 2369960 |
| Rev. Abraham Kuruvilla | 9497686517 |

## Church Wardens

| | |
|---|---|
| Mr. Chandy C. George | 9496912157 |
| Mr. Koshy Varghese | 9633875090 |

## Church Secretary

| | |
|---|---|
| Mr. Joseph John | 9447597521 |

## Church Committee Members

| | |
|---|---|
| Mrs. Cicily Alexander | 9447438675 |
| Mrs. Elsa Thomas | 9446629780 |
| Mr. A.J. George | 9400140489 |
| Mr. P.C. Mathunni | 9496013685 |
| Mr. Ninan Benny Varghese | 9447896063 |
| Mr. Ninan Samuel | 9447908751 |
| Mrs. Ponnamma Idiculla | 9447709715 |

## Diocesan Council Members

| | |
|---|---|
| Mr. Cherian George | 9446715171 |
| Prof. George Jacob | 9847617700 |
| Mr. John Philip | 9496333353 |
| Dr. Gigy Sara George | 9847302128 |
| Mr. Sunil Jacob John | 0479 2352481 |

## Church Staff

| | |
|---|---|
| Mr. M.M. Mathai | 9447949024 |
| Mr. D.K. Thomas | 8547283822 |

# THE VOICE

## October 2015

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | 1 | 2 | 3 |
| 4 | 5 | 6 | 7 | 8 | 9 | 10 |
| 11 | 12 | 13 | 14 | 15 | 16 | 17 |
| 18 | 19 | 20 | 21 | 22 | 23 | 24 |
| 25 | 26 | 27 | 28 | 29 | 30 | 31 |

**Editorial Board**

Rev. Dr. Sam T. Mathew
(Chief Editor)
Rev. Johnson John
Mr. Chandy C. George
Mr. Cherian George
Mr. Joseph K. John
Mr. Koshy Varghese
Prof. George Jacob
(Managing Editor)
email:geejayin@yahoo.co.in

**Oct. 4**

**യുവജന ഞായർ**

**ഉണരുക,**
**ശക്തീകരിക്കുക**

## ഇടവകപ്പട്ടക്കാരന്റെ കത്ത്

വീണ്ടും വരുന്ന യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം,

ഒക്ടോബർ 4-ാം തീയതി യുവജന ഞായറാഴ്ചയായി നാം ആചരിക്കുകയാണ്. സഭയുടേയും ദേശത്തിന്റെയും എക്കാലത്തെയും പ്രതീക്ഷയാണ് യുവജനങ്ങൾ. ഈവർഷത്തെ ചിന്താവിഷയം "യുവജനങ്ങളുടെ ആത്മീകത സമകാലിക ലോകത്തിൽ" എന്നതാണ്. അർത്ഥപൂർണ്ണമായ ആത്മീക ജീവിതം സഭയിലും സമൂഹത്തിലും കാഴ്ച വെക്കുവാൻ യുവജനങ്ങൾക്കു കഴിയട്ടെയെന്ന് ആശംസിക്കുന്നു.

വർഷത്തിൽ ഒരിക്കൽ യുവജന ഞായറാഴ്ചയായി ആഘോഷിക്കുന്നത് സഭയുടെ പ്രവർത്തനങ്ങളിൽ യുവജനങ്ങൾക്ക് കൂടുതൽ അർത്ഥവും പ്രത്യാശയും നല്കുന്ന ഒരു സംരംഭമാണ്. സഭയുടെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുകയും, യുവജനങ്ങളെ ദൈവമുമ്പാകെ അംഗീകരിക്കുകയും ചെയ്യുന്ന ഒരു സുദിനമാണല്ലോ യുവജന ഞായറാഴ്ച. ആരാധനയിലുള്ള പങ്കാളിത്തവും പരിശീലനവും ലഭിക്കുന്നതോടൊപ്പം യുവജനങ്ങൾക്ക് സഭാകാര്യങ്ങളിൽ താല്പര്യവും ഉത്തരവാദിത്വബോധവും ഉണ്ടാകുവാൻ ഇത് സഹായിക്കുന്നു. മുതിർന്നവരും യുവജനങ്ങളും തമ്മിലുള്ള വിടവിനെ വിസ്മരിച്ചു കൊണ്ടു പരസ്പരം മനസിലാക്കുന്നതിനും സഹകരിക്കുന്നതിനും ഒരു നല്ല അവസരമാണ് യുവജന ഞായറാഴ്ച. അതിലും ഉപരിയായി ക്രൈസ്തവ വിശ്വാസം ശക്തിയായി ചോദ്യം ചെയ്യപ്പെടുന്ന സമൂഹത്തിൽ, കൂടുതൽ സ്വാധീനമുള്ള യുവജനങ്ങൾക്ക് സാമൂഹ്യ പ്രശ്നത്തെ ക്രൈസ്തവ വീക്ഷണത്തിൽ ചർച്ച ചെയ്യുവാനും അതുവഴി ശരിയായ ഉറച്ച വിശ്വാസത്തെ കാത്തുസൂക്ഷിക്കുവാനും യുവജന ഞായറാഴ്ചയിലെ പഠനങ്ങൾ സഹായിക്കുന്നു. ഈ ലക്ഷ്യങ്ങൾ ഓരോ യുവജന ഞായറാഴ്ച യിലും കൂടുതൽ ഫലവത്തായിത്തീരേണ്ടതാണ്.

. ആത്മീയതയെക്കുറിച്ച് യേശു നൽകിയത് ഒരു പുതിയ കാഴ്ചപ്പാടാണ്. യേശു തന്റെ ജീവിതവും പഠിപ്പിക്കലും കൊണ്ട് ഒരു പുതിയ മൂല്യബോധത്തെപ്പറ്റിയുള്ള ദർശനം നമുക്ക് നല്കിയിട്ടുണ്ട്. ആ മൂല്യ

ബോധം ഉള്ളതായ ഒരു സമൂഹത്തിന്റെ സൃഷ്ടിയിൽ പങ്കു ചേരുവാനാണ് യേശു നമ്മോട് ആഹ്വാനം ചെയ്യുന്നത്. എന്താണ് ആ മൂല്യബോധം? യേശു തന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുമ്പോൾ ജനം രണ്ടായി തിരിയുകയാണ്. അധികാരം ഉള്ളവനും ഇല്ലാത്തവനും, സമൂഹത്തിൽ മാന്യതയുള്ളവനും ഇല്ലാത്തവനും. ഈ വേർതിരിയലിൽ സഭയും പുരോഹിതവർഗ്ഗവും അധികാരവർഗ്ഗത്തിന്റെ കൂടെയും മാന്യതയുള്ളവന്റെകൂടെയും അണിചേരുകയാണ്. യേശുവിനെപ്പോലെയുള്ള ഒരു വ്യക്തി പങ്കുചേരും എന്നു ജനങ്ങൾ പ്രതീക്ഷിച്ചത് പുരോഹിത വർഗത്തിന്റെ കൂടെയാണ്. അതായിരുന്നു ലോകത്തിന്റെ മൂല്യം. പക്ഷേ യേശു ലോകത്തിന്റെ മൂല്യം അംഗീകരിച്ചില്ല. യേശു അധികാരമില്ലാത്തവരെയും, മാന്യതയില്ലാത്തവരെയും സ്നേഹിക്കുന്നു, സംഘടിപ്പിക്കുന്നു. തന്റെ ദൗത്യവാഹകരായി അവരെയാണ് യേശു തെരഞ്ഞെടുക്കുന്നത്.

മഹായിടവക യുവജന സമ്മേളനവും, കോടുകുളഞ്ഞി ജില്ല യുവജന സമ്മേളനവും ഈ മാസത്തിൽ നടത്തപ്പെടുകയാണല്ലോ. ഇതിൽ എല്ലാ യുവജന സഖ്യാംഗങ്ങളും സംബന്ധിക്കുമല്ലോ.

കോടുകുളഞ്ഞി സി എസ് ഐ യുവജന സഖ്യാംഗങ്ങൾക്ക് സഭയുടെ അനുമോദനങ്ങൾ അറിയിക്കുന്നു.

സ്നേഹത്തോടെ

ഇടവകപ്പട്ടക്കാരൻ

കോടുകുളഞ്ഞി — റവ. ഡോ. സാം റ്റി. മാത്യു

01 10 2015

## വാർത്തകളും കുറിപ്പുകളും

### സ്നാനം

വാലേത്ത് വിനോദ് വില്ലയിൽ വിനോദ് തോമസിന്റെ മകൾ സേറ മേരി തോമസ് സ്നാനപ്പെട്ടു സഭയോടു ചേർന്നു.

*പൈതൽ ദൈവകൃപയിൽ വളർന്നുവരുന്നതിനായി പ്രാർത്ഥിക്കാം*

### വിവാഹം

നമ്മുടെ ഇടവകയിൽ മുഞ്ഞനാട്ടിൽ അനിൽ ഇടുക്കുള മാത്യുവും നോബിൾ വില്ലയിൽ നാൻസി സാമുവേലും തമ്മിൽ വിവാഹിതരായി.

*നവദമ്പതികൾക്ക് സഭയുടെ ആശംസകൾ*

### പ്രതിവാര ആരാധനകളും യോഗങ്ങളും

1. 04 10 15 ഞായർ

08.00 എ.എം. സൺണ്ടേ സ്ക്കൂൾ

175-ാമതു ജൂബിലി ആഘോഷങ്ങളുടെ ഉത്ഘാടനം.

09.00 എ.എം ബിഷപ്പ് തിരുമേനിക്കു സ്വീകരണം

09.30 എ.എം. ആരാധന

2. പതിവ് പരിപാടികൾ

08.00 എ.എം. സൺണ്ടേ സ്ക്കൂൾ

09.30 എ.എം. ആരാധന

12.00. നൂൺ ഒന്നും മൂന്നും ഞായറാഴ്ചകളിൽ വിമൻസ് ഫെലോഷിപ്പ്

രണ്ടാം ഞായർ അത്മായ ഫെലോഷിപ്പ്

നാലാം ഞായർ യൂത്ത് മൂവ്മെന്റ്

| | | | |
|---|---|---|---|
| ഞായറാഴ്ച | ഏരിയാ പ്രാർത്ഥന | ഭവനങ്ങളിൽ | 02.30 - 4.30 പി എം |
| 3 ചൊവ്വാഴ്ച | സ്ത്രീജനസഖ്യം | ഭവനങ്ങളിൽ | 2.30 പി എം |
| 4. ബുധനാഴ്ച | ബൈബിൾ ക്ലാസ്സ് | പള്ളിയിൽ | 5.00 പി എം |
| | മദ്ധ്യസ്ഥ പ്രാർത്ഥന | | |
| 5. വെള്ളിയാഴ്ച | ഉപവാസപ്രാർത്ഥന | പള്ളിയിൽ | 10.30 എ എം |

### വി. സംസർഗ്ഗം ഉപസഭകളിൽ

| | | |
|---|---|---|
| 04 10 2015 | കുതിരവട്ടം | രാവിലെ 7.30 ന് |
| 11 10 2015 | ചെറിയനാട് ചാപ്പൽ | രാവിലെ 7.30 ന് |

## പ്രീമാരിറ്റൽ കൗൺസിലിംഗ്

മഹായിടവകയായി നടത്തപ്പെടുന്ന പ്രീമാരിറ്റൽ കൗൺസിലിംഗ് മാസത്തിൽ രണ്ടു പ്രാവശ്യം നടത്തപ്പെടും. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

ബന്ധപ്പെടേണ്ട ഫോൺ : 9349788606, 9446203323

<u>കൗൺസിലിംഗ് നടത്തപ്പെടുന്ന സ്ഥലം</u>

| | കോട്ടയം റിട്രീറ്റ് സെന്റർ | ബഥേൽ ആശ്രമം തിരുവല്ല |
|---|---|---|
| സെപ്റ്റംബർ | 03 മുതൽ 5 വരെ | 17 മുതൽ 19 വരെ |
| ഒക്ടോബർ | 01 മുതൽ 03 വരെ | 15 മുതൽ 17 വരെ |
| നവംബർ | 05 മുതൽ 07 വരെ | 19 മുതൽ 21 വരെ |
| ഡിസംബർ | 03 മുതൽ 05 വരെ | 17 മുതൽ 19 വരെ |

## സ്ത്രീജനസഖ്യം

സ്ത്രീജനസഖ്യത്തിന്റെ ഫുഡ് പ്രോസസ്സിംഗ് പ്രോജക്ട് പ്രവർത്തനത്തിൽ ഇതുവരെ സഹായിച്ച ഏവരോടും നന്ദി അറിയിക്കുന്നു. പ്രോജക്ട് പ്രവർത്തനം തുടരുന്നതാണ്. ഏവരുടേയും സഹായങ്ങൾ വീണ്ടും പ്രതീക്ഷിക്കുന്നു.

ഒക്ടോബർ 9-ാം തീയതി വെള്ളിയാഴ്ച വൈകിട്ട് 6.30 മുതൽ 10-ാം തീയതി ശനിയാഴ്ച ഉച്ചയ്ക്ക് 1 മണിവരെ സിസ്റ്റർ ഹുഡ് അസോസിയേറ്റ് ധ്യാനയോഗം തിരുവല്ല ബഥേൽ ആശ്രമത്തിൽ നടത്തപ്പെടുന്നു. സിസ്റ്റർ ഹുഡ് അസോസിയേറ്റ് അംഗങ്ങൾ നമ്മുടെ സഭയിൽ ധാരാളം ഉണ്ട്. പുതിയതായി ചേരുന്നതിന് ആഗ്രഹിക്കുന്നവരും ഈ അവസരം ഉപയോഗിക്കുവാൻ ആഹ്വാനം ചെയ്യുന്നു.

ഒക്ടോബർ മാസത്തിലെ പ്രാർത്ഥനകൾ

1) 6-10-2015 ചൊവ്വാഴ്ച 2.30 പുതുപ്പള്ളി തെക്ക് ശ്രീമതി റിബേക്കാ വർഗ്ഗീസിന്റെ ഭവനം

2) 20-10-2015 ചൊവ്വാഴ്ച 2.30 കുഴിയമ്പുറത്ത് മലയിൽ ശ്രീമതി സൂസമ്മ ഏബ്രഹാമിന്റെ ഭവനം

3) 27-10-2015 ചൊവ്വാഴ്ച 2.30 തയ്യിൽ ശ്രീമതി മറിയാമ്മ ജോർജ്ജിന്റെ ഭവനം

4) 13-ാം തീയതി ചൊവ്വാഴ്ച 10 മണിക്ക് ഭവന സന്ദർശനം

ജെസ്സി ചെറിയാൻ
സെക്രട്ടറി

## യുവജനപ്രസ്ഥാനം

ദൈവാനുഗ്രഹത്താൽ യുവജനപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ സജീവമായി നടക്കുന്നു. സെപ്റ്റംബർ മാസത്തെ പ്രാർത്ഥന പ്ലാക്കോട്ട് ബംഗ്ലാവിൽ ബെൻ എബി അലക്സിന്റെ ഭവനത്തിൽ വച്ചു നടന്നു. റവ. സാം റ്റി. മാത്യു അച്ചൻ ദൂത് നല്കി. ഒക്ടോബർ 4-ാം തീയതി യുവജന ഞായർ ആയി മഹായിടവക വേർതിരിച്ചിരിക്കുന്നു. ഇവിടെയും യുവജനങ്ങൾ ആരാധനയ്ക്ക് നേതൃത്വം നൽകും

ജോൺ കുര്യൻ (സെക്രട്ടറി)

## സണ്ടേസ്കൂൾ

സെപ്റ്റംബർ മാസത്തിൽ ഇടവകതല കലാമത്സരം നടത്തപ്പെട്ടു. തുടർന്ന് സെപ്റ്റംബർ 21-ാം തീയതി കൊല്ലകടവ് സെന്റ് ആൻഡ്രൂസ് ചർച്ചിൽ ജില്ലാതല മത്സരം നടത്തപ്പെട്ടതിൽ രണ്ടാം സ്ഥാനം നമ്മുടെ സണ്ടേസ്കൂളിനു ലഭിച്ചു. മത്സരത്തിൽ പങ്കെടുത്ത കുട്ടികളേയും വിജയികൾ ആയവരേയും അനുമോദിക്കുന്നു.

നവംബർ 1-ാം തീയതി ഞായറാഴ്ച അഖില ലോക സണ്ടേസ്കൂൾ ദിനത്തിൽ മഹായിടവക ദ്വിശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി ചെങ്ങന്നൂർ സെന്റ് ആൻഡ്രൂസ് ദേവാലയത്തിൽ റാലിയും സണ്ടേസ്കൂൾ ദിനാഘോഷവും ജില്ലാകമ്മറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്നു.

ടി. മാത്യു (ഹെഡ്മാസ്റ്റർ)

## ആത്മായ സംഘടന

ആത്മായ സംഘടനയുടെ സെപ്റ്റംബർ മാസത്തിലെ യോഗം 13-ാം തീയതി ഞായറാഴ്ച ആരാധനയ്ക്ക് ശേഷം പാരീഷ് ഹാളിൽ വച്ചു നടന്നു. 25ൽ അധികം അംഗങ്ങൾ സംബന്ധിച്ചു. ശ്രീ. ഏ.പി. ചെറിയാൻ അനുഗ്രഹപ്രദമായ ദൂത് നൽകി.

ഒക്ടോബർ 2-ാം തീയതി മുണ്ടക്കയം സി.എസ്.ഐ. ഹോളി ട്രിനിറ്റി പള്ളിയിൽ വച്ച് നടക്കുന്ന മഹായിടവ ആത്മായ ഫെലോഷിപ്പിന്റെ വാർഷിക സമ്മേളനത്തിൽ പങ്കെടുക്കുന്നതിന് വേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നതിന് യോഗം തീരുമാനിച്ചു.

ക്രൈസ്റ്റ് ചർച്ച് കോടുകുളഞ്ഞിയുടെ ആത്മായ സംഘടന മഹായിടവക ഓഫീസിൽ രജിസ്റ്റർ ചെയ്തു.

1.00 മണിക്ക് പ്രാർത്ഥനയോടുകൂടി യോഗം അവസാനിച്ചു.

ഇട്ടി ചെറിയാൻ (സെക്രട്ടറി)

# ഇഞ്ചിക്കറി

***ആവശ്യമായ സാധനങ്ങൾ***

1. ഇഞ്ചി - 150 ഗ്രാം, 2. തേങ്ങാ(തിരുമിയത്) - 1 ½ മുറി (ഒരു തേങ്ങയുടെ ¾ ഭാഗം), 3. ചുവന്നുള്ളി 10 കഷണം, 4. മുളകുപൊടി 2 സ്പൂൺ, 5. മല്ലിപ്പൊടി 1 ചെറിയസ്പൂൺ, 6. ഉലുവാപ്പൊടി ¼ ചെറിയ സ്പൂൺ, 7. വാളൻപുളി 1 നെല്ലിക്കാ വലുപ്പം (ആവശ്യത്തിന്), 8. ഉപ്പ് പാകത്തിന്.

***പാകം ചെയ്യുന്നതിന്***

ഇഞ്ചി കഴുകി അരിഞ്ഞ്, തേങ്ങാതിരുമി ചുവന്നുള്ളി അറിഞ്ഞതും കറിവേപ്പിലയും ചേർത്ത് ചെറുതീയിൽ വറക്കുക. നല്ലവണ്ണം മൂത്തുവരുമ്പോൾ, മുളകുപൊടി, മല്ലിപ്പൊടി, ഉലുവാപ്പൊടി ഇവ ചേർത്ത് ഒന്നിളക്കി വാങ്ങുക. ഈ കൂട്ട് വെള്ളം ചേർക്കാതെ അരച്ചെടുക്കുക. ഒരു ചീനിചട്ടിയിൽ വെളിച്ചെണ്ണ ചൂടാക്കി കടുക് പൊട്ടിച്ച് ചുവന്നുള്ളി ഇട്ട്, 2-3 വറ്റൽ മുളക് മുറിച്ചിട്ട് കടുക് വറക്കുക. ഇതിലേക്ക് അരച്ചു വച്ചിരിക്കുന്ന കൂട്ട് ചേർത്ത് പുളിപിഴിഞ്ഞ് ഒഴിച്ച് പാകത്തിന് ഉപ്പും വെള്ളവും ചേർത്ത് തിളപ്പിച്ച് വാങ്ങുക.

ജെസി ചെറിയാൻ, ആര്യവിലാസ്

# ചീര കട്ലെറ്റ്

1. ചീര 150 ഗ്രാം, 2. ക്യാരറ്റ് 50 ഗ്രാം, 3. ഉരുളക്കിഴങ്ങ് 200 ഗ്രാം, 4. സവാള രണ്ടെണ്ണം, 5. പച്ചമുളക് നാലെണ്ണം, 6. ഇഞ്ചി ഒരു കഷണം 7. ഗരം മസാല രണ്ടു ടീസ്പൂൺ, 8. കുരുമുളക്പൊടി രണ്ടു ടീസ്പൂൺ 9. മുട്ട രണ്ടെണ്ണം, 10. ഉപ്പ്, റൊട്ടിപൊടി, എണ്ണ ആവശ്യത്തിന്

***ഉണ്ടാക്കുന്ന വിധം***

എണ്ണ ചൂടാകുമ്പോൾ ചെറുതായി അരിഞ്ഞ സവാള, ഇഞ്ചി, പച്ചമുളക് വഴറ്റുക. അതിൽ ചെറുതായി അരിഞ്ഞ ചീരയും ക്യാരറ്റും വഴറ്റുക. ഗരം മസാലയും കുരുമുളകു പൊടിയും ചേർക്കുക. ഉരുളക്കിഴങ്ങ് പുഴുങ്ങി പൊടിച്ചതും ഉപ്പും ചേർത്ത് 5 മിനിറ്റ് ഇളക്കി ചേർക്കുക. ഇതിനു ശേഷം മുട്ട പതച്ചതും റൊട്ടിപൊടിയും പുരട്ടി കട്ലേറ്റു പോലെ വറുത്തെടുക്കുക.

ശാന്തമ്മ ജോർജ്ജ്



## പോരുന്നോയെൻകൂട്ടുകാരെ

**റ്റി. വി. ജോൺ**

പോരുന്നോയെൻ കൂട്ടുകാരേ
പൂപെറുക്കാൻ പോരുന്നോ.?
പൂത്തിലഞ്ഞിപ്പൂമരത്തിലെ
പൂപെറുക്കാൻ പോരുന്നോ?
മതിമറക്കും മണമുതിരം
മലർ പെറുക്കാൻ പോരുന്നോ?
കിളികളുടെ കളകളങ്ങൾ
കേട്ടിടുവാൻ പോരുന്നോ?
മലർകൊരുത്തു മലർകൊരുത്തോ
മാലകെട്ടാൻ പോരുന്നോ?



## 2015 ഒക്ടോബർ മാസത്തെ പഞ്ചാംഗം

04 10 2015 പെന്തക്കോസ്തിനു പിമ്പ് 19 - ാം ഞായർ

യുവജന ഞായർ. ഉണരുക, ശക്തീകരിക്കുക

ഇടവകയുടെ 175-ാമതു വാർഷീക ആഘോഷങ്ങളുടെ ഉത്ഘാടനം

ആരാധന, വിശുദ്ധ സംസ്സർഗം രാവിലെ 9.30 ന്

| | |
|---|---|
| യെശ. 35. 3-10 | വെളി. 3. 1-6 |
| സങ്കീ. 12 | മർക്കോ 13. 28-37 |

11 10 2015 പെന്തക്കോസ്തിനു പിമ്പ് 20 - ാം ഞായർ

ഭിന്നശേഷിയുള്ളവർ.

ശാരീരികവും മാനസികവുമായിവെല്ലുവിളികൾനേരിടുന്ന വർക്കും സമാശ്വാസ ശുശ്രൂഷ ലഭിക്കുന്ന ക്ഷീണിതർക്കു മുള്ള ഞായർ

ആശാഭവൻ ഞായർ

ആരാധന, വിശുദ്ധ സംസ്സർഗം രാവിലെ 10.00 ന്

| | |
|---|---|
| പുറ. 4:10-17 | അ. പ്ര. 3:1-10 |
| സങ്കീ. 103:1-13 | മത്താ.17:14-21 |

18 10 2015 പെന്തക്കോസ്തിനു പിമ്പ് 21 - ാം ഞായർ

എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു

ആരാധന, വിശുദ്ധ സംസ്സർഗം രാവിലെ 10.00 ന്

| | |
|---|---|
| സെഖ. 8:12-19 | റോമ. 5:1-5 |
| സങ്കീ. 119:161-176 | 16:16-33 |

25 10 2015 പെന്തക്കോസ്തിനു പിമ്പ് 22-ാം ഞായർ

നവീകരണ ഞായർ

സഭ. നവീകരിക്കപ്പെട്ടും നവീകരിച്ചും

ആരാധന, വിശുദ്ധ സംസ്സർഗം രാവിലെ 10.00 ന്

| | |
|---|---|
| ആവ. 26:4-11 | അപ്പൊ. പ്രവ. 2:43-47 |
| സങ്കീ. 109:21-31 | മത്താ. 13:33-35 |

01 11 2015 ഞായർ സകല വിശുദ്ധരുടേയും നാൾ

അഖിലലോക സൺഡേസ്കൂൾ ദിനം

ആരാധന, വിശുദ്ധ സംസ്സർഗം രാവിലെ 10.00-ന്

| | |
|---|---|
| പുറ. 2:1-10 | 3 യോഹ. 1-15 |
| സങ്കീ. 47 | മർക്കൊ. 18:15-17 |